# ലക്ഷ്യം തേടുന്ന ഗ്രന്ഥശാലകൾ

**ആർ. രാമൻ നായർ**

**വീക്ഷണം, 8 മേയ് 1988**

**ഇന്ത്യയിലെ ഗ്രാമീണന്റെ വീക്ഷണ കോണിലൂടെ പൊതുഗ്രന്ഥാലയത്തിന്റെ ലക്ഷ്യ ങ്ങളെ നോക്കിക്കാണുന്ന ഒരു ലേഖനം. ഒരു ഗ്രാമീണ ഗ്രന്ഥാലയം ആ ഗ്രാമത്തിലെ എല്ലാവരുടെയും വിവര വിജ്ഞാനാവശ്യങ്ങളെല്ലാം നിവർത്തിക്കുവാൻ കെൽപ്പുള്ളതായിരിക്കണം. ഇതു സാദ്ധ്യമാകാൻ ഗ്രാമീണ ഗ്രന്ഥാലയം പരസ്പര ബന്ധിതമായ ഒരു പൊതുഗ്രന്ഥാലയ ശ്രിംഗലയിലെ സേവന കേന്ദ്രമായിരിക്കണം എന്നത് അത്യന്താപേക്ഷിതമാണ്. അനൗപചാരിക തുടർ വിദ്യഭ്യാസ സൗകര്യങ്ങൾ, തൊഴിലവസര, ആരോഗ്യപരിപാലന കാർഷിക വിജ്ഞാന വിവരങ്ങൾ തുടങ്ങിയവയല്ലൊക്കെ ഗ്രാമീണർക്ക് ആശ്രയിക്കാനാവുന്ന സ്ഥാപനമായിരിക്കണം അത്.**

## Lakshyam Tedunna Granthasalakal, by R. Raman Nair, Veekshanam, 8 May 1988, P 2

**Personal Archive Files:**

**Note:** Forms part of a series of articles published in nineteen eighties in regional (Kerala) newspapers of local language (Malayalam). At that time there was no library legislation in Kerala. Various attempts during 1960- 1985 for enacting a Kerala Public Library act failed due to conflicting interests. Enacting library legislation was also not considered by politicians as an important achievement that can mint votes. There were also signs of the library movements in some regions like Kerala taking wrong direction. In such a situation the articles in this series attempted to raise public opinion in favor of establishing an efficient library and information system for the people. The articles also projected library legislation as one among social legislations for which priority is to be given by government. Later Kerala Public Library Act 1989 came into existence. But still 19 years after its publication of these articles many of the suggestions made are relevant for further amendments to Kerala Public Libraries Act 1989.

# ലക്ഷ്യം തേടുന്ന

**ആർ രാമ**

**ഒരു പൊതുഗ്രന്ഥാലയം; അതിന്റെ സേവനപരിധിക്കകത്ത് വരുന്ന ജനങ്ങളുടെ വൈവിധ്യമാർന്ന വിജ്ഞാനാവശ്യങ്ങളെല്ലാം നിവർത്തിയ്ക്കുവാൻ പര്യാപ്തമായിരിക്കണം. അത് പരസ്പര ബന്ധിതമായ ഒരു പൊതുഗ്രന്ഥാലയ ശൃംഖലയിലെ സേവന കേന്ദ്രമാണ്. നിരക്ഷരതാ നിർമാർജനം, സാക്ഷരത നിലനിർത്തൽ, അനൗപചാരിക വിദ്യാഭ്യാസത്തിനും, തുടർ വിദ്യാഭ്യാസത്തിനും വേണ്ട സഹായം നൽകൽ തുടങ്ങി സമൂഹത്തിന് എല്ലാ വിദ്യാഭ്യാസാവശ്യങ്ങൾക്കും ആശ്രയിക്കാനാവുന്ന ഒരു സ്ഥാപനമാവണം പൊതു ഗ്രന്ഥാലയം.**

ഗ്രന്ഥാലയങ്ങൾ നമ്മുടെ സാധാരണക്കാരായ ഭൂരിപക്ഷത്തിന്റെ സർവകലാശാലകളാണ്. പൊതുഗ്രന്ഥാലയങ്ങളിലൂടെ നടത്താനാവുന്ന വിജ്ഞാന വിതരണവും അനൗപചാരിക വിദ്യാഭ്യാസ സൗകര്യങ്ങളും ഒക്കെ സമൂഹ പുരോഗതിയ്ക്ക് ഒഴിച്ചു കൂടാനാവാത്തതാണ്. നിലവിലുള്ള എല്ലാ പൊതുഗ്രന്ഥാലയങ്ങളെയും ആ കടമ നിർവഹിക്കാനാവും വിധമുള്ള കേന്ദ്രങ്ങളായി ഉയർത്തുവാൻ കഴിയുന്ന ഗ്രന്ഥാലയ നിയമമാണ് നമുക്കിന്നാവശ്യം. ഇന്ന് ഗ്രന്ഥാലയങ്ങളെ നിയന്ത്രിക്കുന്ന ന്യൂനപക്ഷത്തിന്റെ താൽപര്യങ്ങളെ തൃപ്തിപ്പെടുത്താൻ മാത്രമായുള്ള ഭരണ രീതികളും സ്വഭാവവും നൽകി, അവയെ ദേശീയ, സംസ്ഥാന വിജ്ഞാപന വിതരണ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാവാൻ കഴിയാത്ത അവസ്ഥയിലാക്കുകയും വെറും വിനോദത്തിനു വേണ്ടിയുള്ള ക്ലബ്ബുകളും വായനശാലകളുമായിത്തന്നെ തുടരുവാൻ വിടുകയും ചെയ്യുന്ന ഒരു സംവിധാനമാണ് നിയമത്തിലൂടെ നടപ്പിൽ വരുന്നതെങ്കിൽ അത് നമ്മുടെ സാധാരണ ജനങ്ങളുടെ വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള ധനദുർവിനിയോഗമായിരിക്കും.

നമ്മുടെ പൊതുഗ്രന്ഥാലയ പ്രവർത്തനങ്ങൾ ഇത്തരം ഒരു ചാലിലേക്ക് വഴുതിപ്പോവാനുള്ള സാദ്ധ്യതകൾ ഇന്ന് ഏറെ പ്രകടമാവുന്നു. പൊതുഗ്രന്ഥാലയങ്ങളിലൂടെ ലഭിക്കേണ്ട സൗജന്യ വിജ്ഞാനസേവനവും തുടർ വിദ്യാഭ്യാസ സൗകര്യങ്ങളും തങ്ങളുടെ അവകാശമാണെന്നതിനെക്കുറിച്ചുള്ള നമ്മുടെ ദരിദ്രഭൂരിപക്ഷത്തിന്റെ അജ്ഞത തന്നെയാണ് ഇവിടെ മുതലെടുക്കപ്പെടുന്നത്. ഉടൻ നിലവിൽ വരും എന്ന് ദശകങ്ങളായി നാം കേട്ടുകൊണ്ടിരിക്കുന്ന ലൈബ്രറി നിയമം ഒരിക്കലും സാക്ഷാത്കരിക്കപ്പെടാത്തതും ഇപ്പോഴത്തെ പൊതു ഗ്രന്ഥാലയങ്ങളുടെ അലങ്കോലാവസ്ഥ തുടരുന്നതുകൊണ്ട് ഗുണമുള്ളവരുടെയും, വരുന്ന നിയമം തങ്ങളുടെ സൗകര്യങ്ങൾക്കനുസൃതമായി മാറ്റിയെടുക്കുവാൻ വേണ്ടിയുള്ള അവരുടെ ശ്രമങ്ങളുടെയും ഭാഗമാണെന്നേ ആർക്കും കരുതാനാവൂ.

വിദ്യാഭ്യാസപരമായി മുന്നിട്ടു നിൽക്കുന്ന എല്ലാ രാഷ്ട്രങ്ങളിലും പൊതുഗ്രന്ഥാലയ പ്രവർത്തനത്തിന് ഗ്രന്ഥാലയ ശാസ്ത്ര വിദഗ്ധരുടെ സേവനവും അറിവും ഉപയോഗപ്പെടുത്തുമ്പോൾ ഇവിടെ ഗ്രന്ഥാലയ ശാസ്ത്രജ്ഞരെയും എങ്ങും അംഗീകരിക്കപ്പെട്ട ഗ്രന്ഥാലയ വ്യവസ്ഥകളെയും തീർത്തും അവഗണിക്കുന്ന ഒരു പ്രവണത പ്രകടമാവുന്നു.

പൊതുഗ്രന്ഥാലയ വ്യവസ്ഥയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്ത് എന്നു ചിന്തിക്കാൻ അൽപ്പവും മിനക്കെടാതെ, വിനോദാവശ്യങ്ങൾ മാത്രം നികത്തി സാധാരണക്കാരെ തൃപ്തിപ്പെടുത്തിക്കൊണ്ട് എങ്ങനെ ആ സ്ഥാപനങ്ങളെ തങ്ങളുടെ നിയന്ത്രണത്തിൽ നിർത്താം എന്നു മാത്രം ചിന്തിക്കുന്ന ഒരു ന്യൂനപക്ഷത്തിന്റെ അഭിപ്രായങ്ങൾ മാത്രമാണ് ഇവിടെ പെന്തിക്കരിക്കുന്നത്. എന്നാൽ പൊതു ഗ്രന്ഥാലയങ്ങൾ യഥാർത്ഥത്തിൽ ആവശ്യമുള്ള ഭൂരിഭാഗത്തെ, സാമൂഹ്യപരമായ വിദ്യാഭ്യാസപരമായ അവരുടെ പിന്നോക്കാവസ്ഥയും അജ്ഞതയും നിശബ്ദരാക്കിയിരിക്കുന്നു. ശബ്ദവും ശക്തിയുമുള്ള ന്യൂനപക്ഷത്തിനും ഭരണാധികാരികൾക്കും ഉദ്യോഗസ്ഥന്മാർക്കും കൂടിച്ചേർന്ന് തങ്ങൾക്കിഷ്ടമുള്ള ഒരു വ്യവസ്ഥ കൊണ്ടുവരുവാൻ സൗകര്യം നൽകുകയാണ് ഇവിടെ.

ഇത്തരം സന്ദർഭത്തിൽ, ഗ്രന്ഥാലയ നിയമത്തിലൂടെ നടപ്പിൽ വരേണ്ടുന്ന പൊതു ഗ്രന്ഥാലയ വ്യവസ്ഥയെക്കുറിച്ചുള്ള ഒരു തുറന്ന ചർച്ച ഏറെ പ്രസക്തമാവുന്നു.

## അനൗപചാരിക വിദ്യാഭ്യാസം

ജനകീയ ഭരണ സംവിധാനത്തിൽ ക്രിയാത്മകമായി പങ്കെടുക്കുവാൻ ജനങ്ങളെ പ്രാപ്തരാക്കേണ്ടത് വിദ്യാഭ്യാസ സാക്ഷരതാ പ്രവർത്തനങ്ങളിലൂടെയാണ്. അവയ്ക്ക് പ്രാധാന്യം നൽകുന്ന ഏതൊരു രാജ്യത്തും ഒരു ഗ്രന്ഥശാലാ നിയമവും ഗവൺമെന്റു തന്നെ നിലനിർത്തുന്ന പൊതുഗ്രന്ഥാലയ സംവിധാനവും അനുപേക്ഷണീയമാണെന്നത് ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസം വെറുമൊരു ലക്ഷ്യം മാത്രമല്ല, മറിച്ച് ലക്ഷ്യപ്രാപ്തി കൈവരിക്കലുമാണ്. വിദ്യാഭ്യാസം ഒരു ആജീവനാന്ത പ്രക്രിയയുമാണ്. അത് ഔപചാരിക വിദ്യാഭ്യാസ കാലത്ത് മാത്രം ഒതുങ്ങിനിൽക്കുന്നില്ല. ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുറത്തു കടന്നതിന് ശേഷവും ഒരാൾക്ക് തന്റെ അറിവിന്റെ മേഖലകൾ വികസിപ്പിക്കുവാൻ ആവണം. മാത്രമല്ല ഔപചാരിക വിദ്യാഭ്യാസം നേടുവാൻ ശേഷിയില്ലാത്ത നമ്മുടെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും തങ്ങളുടെ വിദ്യാഭ്യാസ വിജ്ഞാനാവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ സൗകര്യമുണ്ടാവണം. ഇക്കാരണങ്ങളാലാണ്, ലിഖിതമായ അറിവിന്റെ ഉപയോഗക്ഷമമായ ശേഖരങ്ങൾ സമൂഹത്തിൽ നിലനിർത്തേണ്ടത് അത്യാവശ്യമാവുന്നത്. അങ്ങനെയാണ് ഗ്രന്ഥാലയങ്ങൾ സാമൂഹിക വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ഒഴിച്ചുകൂടാനാകാത്ത കേന്ദ്രങ്ങളായിത്തീരുന്നത്. സമൂഹത്തിന്റെ സങ്കീർണമായ വിജ്ഞാനാവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ ഏറ്റവും പര്യാപ്തമായ സ്ഥാപനങ്ങളാണ് പൊതു ഗ്രന്ഥാലയങ്ങൾ എന്ന അറിവ്, അവയെ വിനോദത്തിനുവേണ്ടി മാത്രമുള്ള സ്ഥാപനങ്ങളെന്ന പഴഞ്ചൻ സങ്കല്പങ്ങളിൽ നിന്നും ജനകീയ സർവകലാശാലക

# ) ഗ്രന്ഥശാലകൾ

മൻനായർ

ളെന്ന മഹത്തായ സ്ഥാനത്തേക്ക് ഉയർത്തുന്നു.

## ഗ്രന്ഥാലയ സേവനങ്ങൾ

ഒരു പൊതുഗ്രന്ഥാലയം, അതിന്റെ സേവന പരിധിക്കുള്ളിൽ വരുന്ന ജനങ്ങളുടെ വൈവിധ്യമാർന്ന വിജ്ഞാനാവശ്യങ്ങളെല്ലാം നിവർത്തിക്കുവാൻ പര്യാപ്തമായിരിക്കണം. അതു് പരസ്പരബന്ധിതമായ ഒരു പൊതുഗ്രന്ഥാലയ ശൃംഖലയിലെ സേവന കേന്ദ്രമാണ്. നിരക്ഷരതാ നിർമ്മാർജനം, സാക്ഷരത നിലനിർത്തൽ, അനൗപചാരിക വിദ്യാഭ്യാസത്തിനും, തുടർ വിദ്യാഭ്യാസത്തിനും വേണ്ട സഹായം നൽകൽ തുടങ്ങി, സമൂഹത്തിന് എല്ലാ വിദ്യാഭ്യാസാവശ്യങ്ങൾക്കും ആശ്രയിക്കാനാവുന്ന ഒരു സ്ഥാപനമാവണം പൊതുഗ്രന്ഥാലയം. തൊഴിലവസരങ്ങൾ, കാർഷിക വിജ്ഞാനം ആരോഗ്യപരിപാലനം എന്നിങ്ങനെ ആ പ്രദേശത്തെ ജനങ്ങൾക്ക് ദൈനംദിന ജീവിതത്തിൽ ഉണ്ടാകാവുന്ന ഏതന്വേഷണങ്ങൾക്കും മറുപടി നൽകാൻ ആ സാമൂഹിക കേന്ദ്രത്തിന് കഴിയണം. ഗവൺമെന്റിന്റെ എല്ലാ പ്രവർത്തനങ്ങളെയുംകുറിച്ച് ജനങ്ങൾക്ക് വ്യക്തമായ ധാരണ പകരുന്നതും അത്യാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതും അതിന്റെ ചുമതലയാവണം. ഇത്തരം ലക്ഷ്യങ്ങൾ പൂർത്തീകരിക്കാനാവുന്ന, റഫറൻസ് ഗ്രന്ഥങ്ങളുടേയും മററ് രേഖകളുടേയും സമ്പന്നവും ഉപയോഗക്ഷമവുമായ ഒരു ശേഖരം ഓരോ പൊതുഗ്രന്ഥാലയത്തിലുമുണ്ടായിരിക്കണം. ദേശീയ മുദ്രിത സമ്പത്തിൽ നിന്നും ഏതൊരു രേഖയും ഈ കേന്ദ്രത്തിന്റെ സേവന പരിധിക്കുള്ളിൽ വരുന്ന ഏതൊരാൾക്കും ലഭ്യമാക്കാനാവും വിധം ദേശത്തെ വിവിധ ഗ്രന്ഥാലയങ്ങൾ തമ്മിൽ രേഖകൾ പരസ്പരം കൈമാറുവാനും സഹകരിച്ചു പ്രവർത്തിക്കുവാനും വേണ്ടുന്ന വ്യവസ്ഥകളുണ്ടായിരിക്കണം.

ഒരു കേന്ദ്രത്തിൽനിന്നും നിയന്ത്രിക്കപ്പെടുന്ന, ദേശത്തങ്ങോളമിങ്ങോളമെത്തുന്ന, പരസ്പരം സഹകരിച്ചു പ്രവർത്തിക്കുന്ന ഒരു കാര്യക്ഷമമായ ഗ്രന്ഥാലയ ശൃംഖലയിലൂടെ മാത്രമേ അത്തരമൊരു വിജ്ഞാനസേവനം സാധ്യമാവൂ. അതിനു വേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത, ഗവൺമെന്റിനല്ലാതെ വ്യക്തികൾക്കോ സന്നദ്ധ സംഘടനകൾക്കോ പ്രാദേശികഭരണവിഭാഗങ്ങൾക്കോ മാത്രമായി താങ്ങാനാവുന്നതല്ല. മാത്രമല്ല അത്തരം പ്രാദേശിക സ്വഭാവമുള്ള ഗ്രന്ഥാലയങ്ങൾക്ക് അവയുടെ പ്രവർത്തനങ്ങളും ഭരണരീതികളും എത്ര കാര്യക്ഷമമാണെങ്കിലും ഓരോയ്ക്ക് അതിസങ്കീർണമായ ആധുനികജീവിതത്തിലെ വിജ്ഞാനാവശ്യങ്ങളെ തൃപ്തിപ്പെടുത്താനാവുന്ന കാര്യക്ഷമമായ സേവനം കാഴ്ചവയ്ക്കാനാവില്ല.

## ഗ്രന്ഥാലയനിയമം

നിയമാധിഷ്ഠിതമായി ഓരോ സംസ്ഥാനത്തും നിലവിൽ വരുന്ന ഒരു സംവിധാനത്തിലൂടെ മാത്രമേ കാര്യക്ഷമമായ ഗ്രന്ഥാലയ വിജ്ഞാനവിതരണ പ്രവർത്തനം സാധ്യമാവൂ. ഒരു ഗ്രന്ഥാലയനിയമം വെറുമൊരു താത്വികമായ ആവശ്യമല്ലെന്ന് അതു് നിലവിലുള്ള വിവിധ രാഷ്ട്രങ്ങളിലെ വിജ്ഞാനവിതരണ രംഗത്തെ പുരോഗതിയും എല്ലാ മേഖലകളിലെയും അതിന്റെ പ്രതിഫലനവും വ്യക്തമാക്കുന്നു.

ഭരണം നടത്തുവാൻ ചുമതലപ്പെടുത്തപ്പെട്ടവർ ആഭരണകാര്യങ്ങളും പ്രവർത്തനങ്ങളും ഓരോന്നും കാര്യക്ഷമമായി നിർവഹിക്കുവാൻ അത്യാവശ്യമായ വ്യക്തമായ നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതാണ് നിയമനിർമ്മാണം. അതു് ഒരു പ്രത്യേക മേഖലയെ നിയന്ത്രിക്കുന്നവരുടെ അധികാരങ്ങളും പ്രവർത്തനങ്ങളും വിശദമാക്കുക മാത്രമല്ല അവരുടെ ഉത്തരവാദിത്വങ്ങളും അധികാരപരിധികളും നിർണയിക്കുകകൂടി ചെയ്യുന്നു. നിയമം ഒരു സ്ഥാപനത്തിന്റെ ശക്തമായ അടിത്തറയാണ്. ഒരു സ്ഥാപനത്തെ വേണ്ട വിധം കെട്ടിപ്പടുക്കുവാനും അതിന്റെ സുഗമമായ കാര്യക്ഷമമായ പ്രവർത്തനം തുടർച്ചയായി നടത്തുവാനും നിയമം സഹായകരമാവുന്നു. അനാരോഗ്യകരമായ വളർച്ചയെ തടയുകയും, രാഷ്ട്രീയക്കാരുടെയും ഉദ്യോഗസ്ഥന്മാരുടെയും കയ്യിൽ കളിപ്പാട്ടങ്ങളാവാതെ പൊതുഗ്രന്ഥാലയങ്ങളെ സംരക്ഷിക്കുകയും ചെയ്യാൻ ഗ്രന്ഥാലയനിയമം ഉണ്ടായേകഴിയൂ.

സമൂഹപുരോഗതിക്ക് അത്യാവശ്യമായ മേഖലകളിൽ, പ്രത്യേകിച്ചും പിന്നോക്കാവസ്ഥയിൽ കഴിയുന്ന ജനവിഭാഗങ്ങളെ സമുദ്ധരിക്കുവാൻ വേണ്ടി ഉള്ള നിയമനിർമ്മാണങ്ങൾക്കാണ് ഒരു ജനായത്ത വ്യവസ്ഥയിൽ പ്രാധാന്യം നൽകേണ്ടതു്. ശാസ്ത്രത്തെയും സാങ്കേതിക വിദ്യയെയും അടിസ്ഥാനമാക്കി നിലകൊള്ളുന്ന ആധുനിക ലോകത്തിൽ രാഷ്ട്രീയ സാമൂഹിക സാമ്പത്തിക പരിവർത്തനത്തിനുള്ള ഉപകരണം വിദ്യാഭ്യാസമാണ്. പക്ഷേ എല്ലാവർക്കും അവസരസമത്വം നൽകുന്ന ഫലപ്രദമായ പദ്ധതികൾ ഒന്നും വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നമുക്ക് പ്രയോഗത്തിൽ വരുത്താനായിട്ടില്ല. ഒരു ന്യൂനപക്ഷത്തിനു് പ്രയോജനപ്രദമാവുന്ന ഔപചാരിക വിദ്യാഭ്യാസത്തെ സംബന്ധിച്ച് നമ്മൾ വേണ്ടത്ര നിയമനിർമ്മാണം നടത്തിയിട്ടും ദരിദ്രരും സാധാരണക്കാരുമായ നമ്മുടെ എൺപതുശതമാനത്തിലധികം ജനങ്ങൾക്കും പ്രയോജനപ്രദമാവേണ്ടുന്ന അനൗപചാരിക വിദ്യാഭ്യാസത്തെയും ആ പ്രവർത്തനങ്ങൾ നിർവഹിക്കേണ്ട ഗ്രന്ഥാലയങ്ങളെയും സംബന്ധിച്ച ഒരു നിയമ നിർമ്മാണം സ്വാതന്ത്ര്യാനന്തരമുള്ള നാലു് ദശകങ്ങൾക്ക് ശേഷവും ഇവിടെ സാദ്ധ്യമായിട്ടില്ല വെറും പത്തുശതമാനത്തിന് പ്രയോജനപ്പെടുന്ന ഔപചാരിക വിദ്യാഭ്യാസത്തിനായി ചെലവാക്കുന്ന തുകയുടെ ഒരു ശതമാനം പോലും, തൊണ്ണൂറ് ശതമാനം ജനങ്ങളുടെയും എല്ലാ വിദ്യാഭ്യാസ ആവശ്യങ്ങളെയും നിവർത്തിക്കേണ്ടുന്ന കേന്ദ്രങ്ങളായ പൊതുഗ്രന്ഥാലയങ്ങൾക്ക് വേണ്ടി നീക്കിവക്കുവാൻ നാം തയ്യാറല്ല. ഇതു് വിദ്യാഭ്യാസപരമായ അസമത്വങ്ങൾ സൃഷ്ടിക്കുന്നു. ദരിദ്ര കോടികളെ സമ്പന്നരായ ന്യൂനപക്ഷം പ്രതിനിധീകരിക്കുന്ന വ്യവസ്ഥയാണ് നമ്മുടേതെന്ന ധാരണക്കും ഇത്തരം അവഗണനകൾ കരുത്തേകുന്നു.

**സമൂഹപുരോഗതിക്ക് അത്യാവശ്യമായ മേഖലകളിൽ, പ്രത്യേകിച്ചും പിന്നോക്കാവസ്ഥയിൽ കഴിയുന്ന ജനവിഭാഗങ്ങളെ സമുദ്ധരിക്കുവാൻ വേണ്ടി ഉള്ള നിയമനിർമ്മാണങ്ങൾക്കാണ് ഒരു ജനായത്ത വ്യവസ്ഥയിൽ പ്രാധാന്യം നൽകേണ്ടത്. ശാസ്ത്രത്തെയും സാങ്കേതിക വിദ്യയെയും അടിസ്ഥാനമാക്കി നിലകൊള്ളുന്ന ആധുനിക ലോകത്തിൽ രാഷ്ട്രീയ സാമൂഹിക സാമ്പത്തിക പരിവർത്തനത്തിനുള്ള ഉപകരണം വിദ്യാഭ്യാസമാണ്.**